**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 2** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. “2235-60-102-89-കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം" എന്ന ശീർഷകത്തിൽ നിന്നും ബജറ്റ് വിഹിതം കമ്പനിയ്ക്ക് ലഭിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ, കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിനു ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്നെല്ലാം കമ്പനി വായ്പ സമാഹരിച്ചു വരുന്നു.

കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങി. പ്രസ്തുത സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

നിലവിൽ ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകി വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയും നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയും യഥാക്രമം തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) ന്റെ പേരിലുള്ള അക്കൗണ്ടികളിലേക്ക് , കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന

പെൻഷൻ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എൽ എസ് ജി ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡി ബി റ്റി സെൽ വഴിയും നടത്തി വരുന്നു.

**(ബി)** 2021-2026 വരെയുള്ള കാലയളവിൽ വിതരണം ചെയ്ത പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2021 മേയ് മുതൽ - 2026 ഏപ്രിൽ വരെയുള്ള കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 44938.88 കോടി രൂപയും സർക്കാർ ധനസഹായത്തോടെയുള്ള ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 6071.72 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. ഈ ഇനത്തില് കെ എസ് എസ് പി എല്ലിന് 17175 കോടി രൂപ ബാദ്ധ്യതയുണ്ട്.

**(സി)** പ്രസ്തുത കാലയളവിൽ പെൻഷൻ ഉപഭോക്താക്കളുടെ എണ്ണത്തിലും തുകയിലെ വർദ്ധനവിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ തുകകൾ 1600 രൂപ വീതമായിരുന്നു. ആയത് 30.10.2025 ലെ സ.ഉ.(അച്ചടി) നം.136/2025/ധന ഉത്തരവ് പ്രകാരം 1600/- രൂപയിൽ നിന്നും പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിച്ചു. 2021 മേയ് മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 47,72,279 ഗുണഭോക്താക്കൾക്ക് 728,62,11,100/- രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 6,51,572 ഗുണഭോക്താക്കൾക്ക് 102,49,33,100/- രൂപയും അനുവദിച്ചിട്ടുണ്ട്. 2026 ഏപ്രിൽ മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 51,19,002 ഗുണഭോക്താക്കൾക്ക് 942,72,75,000/- രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 6,42,753 ഗുണഭോക്താക്കൾക്ക് 126,95,99,100/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

**(ഡി)** പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച തുക എന്ന് മുതലാണ് വിതരണം ചെയ്ത് തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണവകുപ്പ് പുറപ്പെടുവിച്ച 22.05.2026 തീയതിയിലെ സ.ഉ.(കൈ)നം.3/2026/PIE&MD നമ്പർ ഉത്തരവ് പ്രകാരം 'വിഷൻ 2031' എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ദിര ഗ്യാരൻ്റി (ആറിനങ്ങൾ) , സ്വപ്ന പദ്ധതികൾ (അഞ്ചിനങ്ങൾ) എന്നിവ ഉൾപ്പെടെ 1291 ഇന ലക്ഷ്യങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ സാമൂഹ്യ സുരക്ഷ/ ക്ഷേമ പെൻഷൻ ₹3000 ആയി ഉയർത്തുക എന്നത് ഇന്ദിര ഗ്യാരൻ്റിയുടെ ഭാഗമായി ക്രമനമ്പർ 3 ആയും ലക്ഷ്യം 12 ൻ്റെ ഭാഗമായും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**